# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2499 09/07/2015 ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, ബെന്നി ബെഹനാൻ<br>,, എം.പി.വിൻസെൻറ്<br>,, എം.എ. വാഹീദ് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | രൂപീകരിച്ചിട്ടുണ്ട്. നിലിവൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എയിഡഡ് മേഖലയിലെ ഇതേ കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്കും യൂണിഫോം നൽകിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ളവർക്ക് യൂണിഫോം വിതരണത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | ബി) | സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ബൃഹത്തായ ഈ വിദ്യാർത്ഥിക്ഷേമ പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിലെ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകി മേഖലയിലെ വിവേചനം അവസാനിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത് |
| സി) | പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | സി) | യൂണിഫോം പദ്ധതിക്കായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ഡി) | എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഡി) | അടിയന്തിരമായി യൂണിഫോം വിതരണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ